# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2824 — 20.06.2013 ൽ മറുപടിക്ക്

## കൽപ്പറ്റ നിയോജക മണ്ഡലത്തിൽ പുതിയ മാവേലി സ്റ്റോറുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എം. വി. ശ്രേയാംസ് കുമാർ: | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി ) |
| (എ) | ഇപ്പോഴത്തെ സർക്കാർ അധികാരമേറ്റ ശേഷം കൽപ്പറ്റ നിയോജക മണ്ഡലത്തിൽ ആരംഭിച്ചിട്ടുള്ള പൊതുവിതരണ വിൽപ്പന ശാലകൾ ഏതെല്ലാം; വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൽപറ്റ നഗരസഭയിലെ മുണ്ടേരി എന്ന സ്ഥലത്തും മുട്ടിൽ ഗ്രാമപഞ്ചായത്തിലെ കുട്ടമം ഗലം എന്ന സ്ഥലത്തും പുതിയ റേഷൻ കട അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൽ കുട്ടമംഗലത്ത് റേഷൻ കട ആരംഭിച്ചിട്ടുണ്ട്. മുണ്ടേരിയിൽ പുതിയ റേഷൻ കടയ്ക്കായി വിജ്ഞാപനം പുറപ്പെടുവിച്ച് നിയമന നടപടികൾ തുടർന്ന് വരുന്നു. കൂടാതെ കൽപ്പറ്റ നിയോജക മണ്ഡലത്തിൽ സപ്ലൈകോ വിൽപ്പന ശാലകളായ മുട്ടിൽ മാവേലിസ്റ്റോർ 14.06.2011 ലും വെണ്ണിയോട് മാവേലി സ്റ്റോർ 10.11.2012 ലും ആരംഭിച്ചു. |
| (ബി) | പ്രസ്തുത മണ്ഡലത്തിലെ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളിലാണ് സിവിൽ സപ്ലൈസ് വകുപ്പിന്റെ മാവേലി സ്റ്റോർ/ ശബരി സ്റ്റോർ ഇല്ലാത്തത്; വ്യക്തമാക്കുമോ; | (ബി) | കൽപ്പറ്റ നിയോജക മണ്ഡലത്തിലെ മുപ്പൈനാട് ഗ്രാമപഞ്ചായത്ത്, വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്ത്. |
| (സി) | പ്രസ്തുത പഞ്ചായത്തുകളിൽ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | മുപ്പൈനാട് ഗ്രാമപഞ്ചായത്ത് അധികാരികൾ മാവേലി സ്റ്റോർ ആരംഭിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്ന മുറയ്ക്ക് സാദ്ധ്യതാ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ ലഭ്യതയും അനുസരിച്ച് മാവേലി സ്റ്റോർ ആരംഭിക്കാവുന്നതാണ്. |

വെങ്ങപ്പള്ളി പ്രദേശത്ത് മാവേലി സ്റ്റോർ ആരംഭിക്കുന്നത് വാണിജ്യപരമായി ഗുണകരമാവില്ലാ എന്നാണ് റിപ്പോർട്ട് ലഭിച്ചിട്ടുള്ളത്. കൂടാതെ പ്രസ്തുത സ്ഥലത്തിന് 3 കിലോമീറ്റർ ചുറ്റളവിലായി വെണ്ണിയോട് എന്ന സ്ഥലത്ത് മാവേലി സ്റ്റോർ പ്രവർത്തിക്കുന്നുമുണ്ട്.

Beena

സെക്ഷൻ ഓഫീസർ